# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 20

# വാർത്താക്കുറിപ്പ്

---

## അപേക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.എ./ എം.എസ്‌സി. /എം.കോം/ എം.സി.ജെ./ എം.എച്ച്.എം./ എം.എസ്.ഡബ്ല്യു./ എം.ടി.എ. ആന്റ് എം.ടി.ടി.എം. (സി.എസ്.എസ്. 2019 അഡ്മിഷൻ - റഗുലർ/ 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/ 2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ മെയ് 23 മുതൽ 29 വരെയും 500 രൂപ പിഴയോടെ മെയ് 31 മുതൽ ജൂൺ മൂന്ന വരെയും 1000 രൂപ സൂപ്പർഫൈനോടെ ജൂൺ നാലു മുതൽ ആറുവരെയും അപേക്ഷിക്കാം.

ആദ്യ മേഴ്‌സി ചാൻസ് (2014 അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ 5000 രൂപയും, രണ്ടാം തവണയെഴുതുന്നവർ (2013 അഡ്മിഷൻ) 7000 രൂപയും അവസാന മേഴ്‌സി ചാൻസ് (2012 അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ 10000 രൂപയും സ്‌പെഷൽ ഫീസായി സി.വി. ക്യാമ്പ് ഫീസിനും പരീക്ഷഫീസിനും പുറമെ അടയ്ക്കണം. റഗുലർ വിദ്യാർഥികൾ കോളേജ് വഴി ഇപേയ്‌മെന്റിലൂടെയാണ് ഫീസടയ്‌ക്കേണ്ടത്. സപ്ലിമെന്ററി വിദ്യാർഥികൾ epay.mgu.ac.in എന്ന സൈറ്റിലൂടെ ഫീസടയ്ക്കണം.

മെയ് 23ന് പോർട്ടൽ തുറക്കും. കോളേജുകൾക്ക് പിഴയില്ലാതെ മെയ് 30 വരെയും 500 രൂപ പിഴയോടെ ജൂൺ മൂന്നുവരെയും 1000 രൂപ സൂപ്പർഫൈനോടെ ആറുവരെയും ഓൺലൈൻ രജിസ്‌ട്രേഷൻ നടത്താം. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/886/2019)

## ആർ.എൽ.വി. കോളേജിൽ എം.എ. പ്രവേശനം; മെയ് 30 വരെ അപേക്ഷിക്കാം

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്‌സിൽ എം.എ. കോഴ്‌സുകൾക്ക് അപേക്ഷിക്കാം. എം.എ. വോക്കൽ, വീണ, വയലിൻ, മൃദംഗം, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി വേഷം, കഥകളി സംഗീതം, ചെണ്ട, മദ്ദളം കോഴ്‌സുകൾക്കാണ് അപേക്ഷിക്കാവുന്നത്. മെയ് 30 വരെ അപേക്ഷ നൽകാം. ജൂൺ നാലിന് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും. ജൂൺ 21ന് ക്ലാസ് ആരംഭിക്കും. ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനം മാർക്കോടെയുള്ള ബി.എ. ബിരുദമാണ് യോഗ്യത. എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് ഡിഗ്രി വിജയം മതി. പ്രാക്ടിക്കലടക്കമുള്ള പ്രവേശന പരീക്ഷയിലൂടെയാണ് പ്രവേശനം. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/887/2019)

## പരീക്ഷഫലം

2019 ഏപ്രിലിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. മോളിക്യുലാർ ബയോളജി ആന്റ് ജനിറ്റിക് എഞ്ചിനീയറിംഗ് (റഗുലർ, ഇംപ്രൂവ്‌മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ ഒന്ന വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/888/2019)

## പരിസ്ഥിതി സൗഹൃദ മാതൃകയാവാൻ എം.ജി. സർവകലാശാല കാമ്പസ്

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിന് പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്‌കരണ മാതൃകാ കാമ്പസായി മാറ്റുമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ഇതിന്റെ ഭാഗമായി

ജീവനക്കാർക്കും വിദ്യാർഥികൾക്കുമായി അസംബ്ലി ഹാളിൽ സംഘടിപ്പിച്ച പരിസ്ഥിതി ബോധവത്ക്കരണ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം.

പരിസ്ഥിതി സൗഹൃദമായി ശാസ്ത്രീയ രീതിയിൽ ജൈവ മാലിന്യം സംസ്കരിക്കാനും അജൈവമായവ പുനരുപയോഗ സാധ്യമാക്കാനുമുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്. കാമ്പസിലെ പൊതുപരിപാടികൾക്ക് ഹരിതചട്ടം നടപ്പാക്കും. ഡിസ്പോസിബിൾ പാത്രങ്ങൾ പരിപാടികളിൽ നിന്ന് ഒഴിവാക്കും. മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കാനും ജൈവമാലിന്യത്തിൽനിന്ന് ബയോഗ്യാസടക്കമുള്ളവ ഉല്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. അവബോധ പ്രവർത്തനങ്ങൾ നടത്തും. വിദ്യാർഥികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും പിന്തുണയോടെയാണ് പദ്ധതി നടപ്പാക്കുക. കാമ്പസിനെ പരിസ്ഥിതി സൗഹൃദ മാതൃകാ കാമ്പസാക്കി ഉയർത്താനും മറ്റു കാമ്പസുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നതെന്ന് വൈസ് ചാൻസലർ പറഞ്ഞു.

110 ഏക്കർ വരുന്ന കാമ്പസിൽ ദിവസവും നാലായിരത്തോളംപേരാണ് എത്തുന്നത്. വിദ്യാർഥികളടക്കം ആയിരത്തോളംപേർ കാമ്പസിൽ താമസിക്കുന്നു. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാനും പുനരുപയോഗപ്പെടുത്താനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. മാലിന്യമെന്നുപറഞ്ഞ് പുറന്തള്ളുന്ന വസ്തുക്കൾ പുനരുപയോഗപ്പെടുത്താനുള്ള പദ്ധതികളും ഇതിന്റെ ഭാഗമായി നടക്കും. കോഴിക്കോട് വേങ്ങേരി 'നിറവ്'മായി ചേർന്നാണ് സെമിനാർ സംഘടിപ്പിച്ചത്. രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ അധ്യക്ഷത വഹിച്ചു. ബാബു പറമ്പത്ത് മാലിന്യസംസ്കരണത്തെക്കുറിച്ചും വിവിധ രീതികളെക്കുറിച്ചും വിഷയാവതരണം നടത്തി. ഡോ. റോബിനറ്റ് ജേക്കബ് സംസാരിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിനെ പരിസ്ഥിതി സൗഹൃദ മാലിന്യ സംസ്കരണ മാതൃകാ കാമ്പസായി മാറ്റുന്നതിന്റെ ഭാഗമായി ജീവനക്കാർക്കും വിദ്യാർഥികൾക്കുമായി അസംബ്ലി ഹാളിൽ സംഘടിപ്പിച്ച പരിസ്ഥിതി ബോധവത്ക്കരണ സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/889/2019)

## സിൻഡിക്കേറ്റ് യോഗം ജൂൺ ഒന്നിന്

മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം ജൂൺ ഒന്നിന് രാവിലെ 10.30ന് സർവകലാശാലയിലെ സിൻഡിക്കേറ്റ് ഹാളിൽ ചേരുമെന്ന് രജിസ്ട്രാർ അറിയിച്ചു.

(പി.ആർ.ഒ./39/890/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ